**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 253** **13-07-2022 - ൽ മറുപടിയ്ക്ക്**

**ലോക കേരള സഭയും ടൂറിസം വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം വികസന പദ്ധതികളിൽ പ്രവാസി വ്യവസായികളുടെ പങ്കാളിത്തവും മുതൽമുടക്കും ആകർഷിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ വിനോദ സഞ്ചാരസാധ്യത പരിഗണിച്ച വലിയ തോതിലുള്ള നിക്ഷേപം ആണ് ഈ മേഖലയിൽ ഓരോ വർഷവും ഉണ്ടാകുന്നത്. പ്രധാനമായും റിസോർട്ടുകൾ ഫാം ടൂറിസം അഡ്വഞ്ചർ ടൂറിസം എന്നീ മേഖലകളിലാണ് കൂടുതൽ നിക്ഷേപവും വരുന്നത്. അതോടൊപ്പം തന്നെ ടൂറിസം വകുപ്പ് പുതുതായി അവതരിപ്പിച്ച കാരവൻടൂറിസം പദ്ധതിയിൽ മുതൽ മുടക്കാൻ നിരവധി വ്യവസായികൾ മുന്നോട്ടു വന്നിട്ടുണ്ട്. ഇതിൽ ഭൂരിപക്ഷം പേരും പ്രവാസികളാണ്. ടൂറിസം വകുപ്പ് എല്ലാ വർഷവും അറേബ്യൻ ട്രാവൽ മാർട്ട് എന്ന ടൂറിസം ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ വർഷം ദുബായിൽ നടന്ന ദുബായ് എക്സ്പോയിലും ടൂറിസം വകുപ്പ് പങ്കെടുത്തു. ഈ വർഷം അബുദാബി, മനാമ, മസ്ക്കറ്റ് എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് ടൂറിസം മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം ഫെയറുകളിൽ ആ നാടുകളിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് വിദഗ്ദരുമായും സാങ്കേതിക വിദഗ്ദരുമായും നമ്മുടെ നാട്ടിലെ ടൂറിസം മേഖലയിലെ നിക്ഷേപ സാധ്യത സംബന്ധിച്ച് ആശയ വിനിമയം നടത്തുകയും അവർക്ക് ഇവിടെ വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എല്ലാവിധ മാർഗനിർദേശങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | അന്താരാഷ്ട്ര വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന പ്രവാസി വ്യവസായികളുമായി സംസ്ഥാനത്തെ ടൂറിസം സാദ്ധ്യതകൾ സംബന്ധിച്ച ആശയവിനിമയം നടത്തുന്നതിന് ലോക കേരള സഭയ്ക്ക് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ലോകമെമ്പാടുമുള്ള മലയാളികളെ ഒരുമിച്ച ചേർത്ത് അവരുടെ വിവിധങ്ങളായ കഴിവുകൾ കേരളത്തിന്റെ വളർച്ചയ്ക്കായി ഉപയോഗപ്പെടുത്തുക എന്നതാണ് ലോക കേരള സഭയുടെ ഉദ്ദേശ്യം.<br><br>മേഖലാടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും നടക്കുന്ന ചർച്ചകളിൽ |

| | | | |
|---|---|---|---|
| | | | വിവിധങ്ങളായ ആശയങ്ങൾ ലോക കേരള സഭയിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇത്തരത്തിൽ ചർച്ച ചെയ്യപ്പെട്ട ക്രോഡീകരിച്ച കിട്ടുന്ന റിപ്പോർട്ടുകളിന്മേൽ ടൂറിസവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (സി) | ഗൾഫ് മേഖലകളിലെ വിനോദസഞ്ചാര പദ്ധതികളിൽ പ്രവർത്തിക്കുന്ന സാങ്കേതിക വിദഗ്ദ്ധരുമായും മാനേജ്മെൻറ് വിദഗ്ദ്ധരുമായും ആശയ വിനിമയം നടത്തുന്നതിനുള്ള സാധ്യതകൾ പരിശോധന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കേരളത്തിലെ വിനോദ സഞ്ചാരസാധ്യത പരിഗണിച്ച വലിയ തോതിലുള്ള നിക്ഷേപം ആണ് ഈ മേഖലയിൽ ഓരോ വർഷവും ഉണ്ടാകുന്നത്. പ്രധാനമായും റിസോർട്ടുകൾ ഫാം ടൂറിസം അഡ്വഞ്ചർ ടൂറിസം എന്നീ മേഖലകളിലാണ് കൂടുതൽ നിക്ഷേപവും വരുന്നത്. അതോടൊപ്പം തന്നെ ടൂറിസം വകുപ്പ് പുതുതായി അവതരിപ്പിച്ച കാരവൻടൂറിസം പദ്ധതിയിൽ മുതൽ മുടക്കാൻ നിരവധി വ്യവസായികൾ മുന്നോട്ടു വന്നിട്ടുണ്ട്. ഇതിൽ പ്രവാസികളും ഉണ്ട്. ടൂറിസം വകുപ്പിൽ എല്ലാ വർഷവും അറേബ്യൻ ട്രാവൽ മാർട്ട് എന്ന ടൂറിസം ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ കഴിഞ്ഞ വർഷം ദുബായിൽ നടന്ന ദുബായ് എക്സ്പോയിലും ടൂറിസം വകുപ്പ് പങ്കെടുത്തു. ഈ വർഷം അബുദാബി മനാമ മസ്ക്കറ്റ് എന്നിവിടങ്ങളിൽ ടൂറിസം വകുപ്പ് ടൂറിസം മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഇത്തരം ഫെയറുകളിൽ ആ നാട്ടുകളിൽ പ്രവർത്തിക്കുന്ന മാനേജ്മെന്റ് വിദഗ്ദരുമായും സാങ്കേതിക വിദഗ്ദരുമായും നമ്മുടെ നാട്ടിലെ ടൂറിസം മേഖലയിലെ നിക്ഷേപ സാധ്യത സംബന്ധിച്ച് ആശയ വിനിമയം നടത്തുകയും അവർക്ക് ഇവിടെ വ്യവസായ സംരംഭം തുടങ്ങുന്നതിനുള്ള എല്ലാവിധ മാർഗനിർദേശങ്ങളും നൽകുകയും ചെയ്യുന്നുണ്ട്. |
| (ഡി) | സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന ടൂറിസം പ്രോജക്റ്റുകളുടെ മാതൃകകൾ ലോക കേരള സഭയോടനുബന്ധിച്ച് ചർച്ചക്ക് വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ഒന്നാം ലോക കേരള സഭയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ NRI ഇൻവെസ്റ്റ്മെന്റ് കമ്പനിയായ ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് ആൻഡ് ഹോൾഡിങ് ലിമിറ്റസ് (OKIHL) രൂപീകരിച്ചിട്ടുണ്ട്.<br><br>ഈ കമ്പനി പാതയോര വിശ്രമ കേന്ദ്രങ്ങൾ, ടൂറിസം വേസ്റ്റ് മാനേജ്മെന്റ്, മൂല്യ വർധിത കാർഷിക വിപണനം, നൈപുണ്യ വികസനം, തുടങ്ങിയ മേഖലകളിലെ നിക്ഷേപത്തിലാണ് ശ്രദ്ധയൂന്നുന്നത്. കമ്പനിയുടെ പ്രഥമ സംരംഭമായ അന്താരാഷ്ട്ര നിലവാരത്തിലുള്ള ദേശീയ/ സംസ്ഥാന പാതയോരത്തെ Wayside Amenities Project, ടൂറിസം മേഖലയ്ക്കും അനുഗുണമാണ്. |

സെക്ഷൻ ഓഫീസർ